## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : നം. 1407 08.02.2013 ലെ മറുപടിയ്ക്ക്

**ടെൻഡർ വിളിച്ചതിനുശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുള്ള വർക്കുകൾ**

**ചോദ്യം** **ഉത്തരം**

**ഡോ. ടി.എം.തോമസ് ഐസക്** **(ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്)**
**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ടെൻഡർ വിളിച്ചതും എന്നാൽ പ്രസ്തുത വർക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുള്ളതുമായ എത്ര വർക്കുകൾ ഉണ്ട്; അവ ഏതൊക്കെ; അവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര; ടെൻഡർ എക്സസ് എത്ര; വ്യക്തമാക്കുമോ; | (എ) | 41 വർക്കുകൾ. ഈ വർക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധംI-ൽ ചേർത്തിട്ടുണ്ട്. |
| (ബി) | കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രസ്തുത കാലയളവിൽ ഏറ്റെടുത്ത വർക്കുകൾ ഓരോന്നും ഏതെല്ലാം കോൺട്രാക്ടർമാർക്കാണ് അവാർഡ് ചെയ്തത്; കോർപ്പറേഷൻ ഓപ്പൺ ടെണ്ടർ വിളിച്ചുകൊണ്ടാണോ ഓരോ വർക്കിനും കോൺട്രാക്ടറെ കണ്ടെത്തിയത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ അത്അവാർഡ് ചെയ്യപ്പെട്ടിരിക്കുന്ന കോൺട്രാക്ടർമാരുടെ പേര് വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. കോർപ്പറേഷൻ ഓപ്പൺ ടെണ്ടർ വിളിച്ചുകൊണ്ടല്ല ഓരോ വർക്കിനും കോൺട്രാക്ടറെ കണ്ടെത്തിയിട്ടുള്ളത്. 07/09/2007 ലെ ജി.ഒ.(പി) നമ്പർ 408/07/ഫിൻ. നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ കെ.എസ്.സി.സി. യെ ഏൽപ്പിക്കുന്ന വർക്കുകൾ പ്രത്യേക ടെണ്ടർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഗവണ്മെന്റ് ടെണ്ടർ കമ്മിറ്റിയുടെ അപ്രൂവൽ വാങ്ങിയശേഷമാണ് അവാർഡ് ചെയ്ത് പണി നടത്തുന്നത്. |
| (സി) | ഓപ്പൺ ടെണ്ടർ വിളിച്ച് യോഗ്യരായ കോൺട്രാക്ടറെയും കുറഞ്ഞ നിരക്കും കണ്ടെത്തി വർക്കുകൾ അവാർഡ് ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര കോടി രൂപയുടെ വർക്കുകൾ അവാർഡ് ചെയ്യുകയുണ്ടായി; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ